LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര ലോട്ടറി നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ വീഴ്ച

191 (257) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ലോട്ടറി നിയമത്തിലെ വ്യവസ്ഥകൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടുണ്ടോ ;

(ബി) ഈ വ്യവസ്ഥകൾ വേണ്ടവിധം മനസ്സിലാക്കുന്നതിലും പ്രവർത്തിക്കുന്നതിലും ആരുടെയൊക്കെ ഭാഗത്ത് വീഴ്ചയുണ്ടായതായാണ് വിലയിരുത്തിയിട്ടുള്ളത് ;

(സി) ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) കേന്ദ്ര ലോട്ടറി നിയമത്തിലെ വ്യവസ്ഥകൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിൽ വീഴ്ചയൊന്നും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. കേന്ദ്ര ലോട്ടറി നിയമത്തിന്റെ വ്യവസ്ഥകൾ അന്യസംസ്ഥാന ലോട്ടറി നടത്തുന്ന പ്രൊമോട്ടർമാർ ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അവരുടെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുവാനും നികുതി വാങ്ങുന്നത് നിർത്തിവയ്ക്കാനുള്ള തീരുമാനവുമായി മുന്നോട്ടുപോയപ്പോൾ അവർ കോടതിയെ സമീപിക്കുകയും ബഹു. കേരള ഹൈക്കോടതി വകുപ്പിന്റെ ഇത്തരം നടപടികൾ അസ്ഥിരപ്പെടുത്തുകയും ഇത്തരം സന്ദർഭങ്ങളിൽ ലോട്ടറി റെഗുലേഷൻ നിയമത്തിന്റെ ലംഘനങ്ങൾ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്താൻ മാത്രമേ അധികാരമുള്ളൂ എന്നും പ്രസ്താവിക്കുകയുണ്ടായി (WA.101&256/2007). ഇത്തരം കേസുകളിൽ ക്രിമിനൽ നടപടികൾ സ്വീകരിക്കുന്നതിനായി പ്രധാന പരാതികൾ സംസ്ഥാന പോലീസിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. അന്യസംസ്ഥാന ലോട്ടറികൾ കേന്ദ്ര ലോട്ടറി റെഗുലേഷൻ 2010 നിയമത്തിന്റെ വ്യവസ്ഥകൾ ലംഘിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും നിരവധി കത്തുകൾ പ്രകാരം ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

അന്യസംസ്ഥാന ലോട്ടറി നടത്തിപ്പിലെ കള്ളപ്പണ ബന്ധം

192 (259) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാന ലോട്ടറി നടത്തിപ്പിലെ കള്ളപ്പണ ബന്ധത്തെപ്പറ്റി കേന്ദ്ര ഏജൻസി അന്വേഷിക്കണമെന്ന ആവശ്യം സംസ്ഥാന സർക്കാർ ഉന്നയിച്ചിട്ടുണ്ടോ ;